# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4902 — 23.03.2018-ൽ മറുപടിയ്ക്ക്

## ചികിത്സാ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കഴിഞ്ഞ സർക്കാർ കാലയളവിൽ ആദിവാസി/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായവർക്കായി എത്ര തുകയുടെ ചികിത്സ സഹായം നല്കി എന്നും രോഗികൾക്കായി നല്കിയ മറ്റ് സഹായങ്ങൾ ഏതൊക്കെയെന്നും വിശദമാക്കുമോ; | എ) | ചോദ്യം എ, ബി, സി എന്നിവയുടെ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം ആയി ചേർക്കുന്നു. രോഗികൾക്ക് ചികിത്സാ ധനസഹായം അല്ലാതെ മറ്റു സഹായങ്ങളൊന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നില്ല.<br><br>കഴിഞ്ഞ സർക്കാർ കാലയളവിൽ പട്ടികവർഗ്ഗ ആദിവാസി വിഭാഗങ്ങൾക്കായി ചികിത്സാ സഹായം എന്ന ഇനത്തിലും ജനനി ജന്മ രക്ഷ പദ്ധതി പ്രകാരവും അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം എന്ന ഇനത്തിലും ചുവടെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br><br>1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി - 28.49 കോടി രൂപ.<br>2. ജനനി ജന്മരക്ഷ- 12.2 കോടി രൂപ.<br>3. അരിവാൾ രോഗികൾക്കുള്ള സമാശ്വാസ ധന സഹായം- 2.56 കോടി രൂപ.<br><br>കൂടാതെ രോഗികളെ താമസ സ്ഥലത്തു നിന്ന് ആശുപത്രിയിലേക്കും തിരികെയും കൊണ്ടു പോകുന്നതിന് സൗജന്യ ആംബുലൻസ് സേവനം, മൊബൈൽ മെഡിക്കൽയൂണിറ്റുകളുടെ സേവനം, പട്ടിക വർഗ്ഗക്കാർക്കു വേണ്ടിയുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, കോളനികളിൽ നടത്തപ്പെടുന്ന മെഡിക്കൽ ക്യാമ്പുകൾ, ആയുർവേദ ഡിസ്പെൻസറികൾ, അലോപ്പതി ക്ലിനിക്കുകൾ, എ.എൻ.എം |

<table>
<tr><td></td><td></td><td></td><td>(Auxiliary Nurse and Midwifery) സെന്ററുകൾ എന്നിവ മുഖേനയും സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>ഇതിനായി എത്ര തുക കഴിഞ്ഞ സർക്കാർ വകയിരുത്തി; എത്ര തുകയുടെ ചെലവ് നടത്തി; എത്ര പേർക്ക് ധനസഹായം ഉൾപ്പെടെ മറ്റ് സഹായങ്ങൾ ലഭ്യമാക്കിയെന്ന് വിശദാംശം ലഭ്യമാക്കാമോ;</td><td>ബി)</td><td>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ആരോഗ്യ പദ്ധതികൾക്കായി കഴിഞ്ഞ സർക്കാർ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>പദ്ധതി</th><th>വകയിരുത്തിയ തുക</th><th>ചെലവഴിച്ച തുക</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി</td><td>28.5 കോടി രൂപ</td><td>28.49 കോടി രൂപ.</td><td>1,25,000</td></tr>
<tr><td>ജനനീ ജന്മരക്ഷാ</td><td>12.2 കോടി രൂപ</td><td>12.2 കോടി രൂപ</td><td>23,339</td></tr>
<tr><td>അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം</td><td>3.16 കോടി രൂപ</td><td>2.56 കോടി രൂപ.</td><td>1,819</td></tr>
</table></td></tr>
<tr><td>സി)</td><td>ഇതു സംബന്ധിച്ച് ഈ സർക്കാർ കാലയളവിലെ പ്രവർത്തനങ്ങളുടേയും ധനസഹായം ഉൾപ്പെടെയുള്ള ചികിത്സാ സഹായങ്ങളുടേയും വിശദാംശം ലഭ്യമാക്കുമോ?</td><td>സി)</td><td>സംസ്ഥാനത്ത് പട്ടികവർഗക്കാർക്ക് ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി.പ്രോജക്ടാഫീസർമാർ/പട്ടികവർഗ വികസന ആഫീസർമാർമുഖേനയും വകുപ്പ് അധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹു:വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു. പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.</td></tr>
</table>

കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസറഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCL (Kerala Medical Services Corporation Limited) മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമുലമു അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre)കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേക്കായി പ്രതിമാസം 2,500/- രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000/- രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി- ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ കാലയളവിൽ വിവിധ പദ്ധതികൾ മുഖേന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി | 35,00,00,000/- | 34.93 കോടി രൂപ | 59942 |
| ജനനീ ജന്മരക്ഷാ | 25,00,00,000/- | 22.50 കോടി രൂപ | 22300 |
| അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം | 3,25,00,000/- | 3.25 കോടി രൂപ | 1363 |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വിവരങ്ങൾ | | | ഈ സർക്കാർ കാലയളവിലെ വിശദാംശം | |
|---|---|---|---|---|---|---|
| | | വകയിരുത്തിയ തുക/ അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| 1 | തിരുവനന്തപുരം | 122000000 | 122000000 | 3759 | 41867500 | 2934 |
| 2 | കൊല്ലം | 91760000 | 71607500 | 4273 | 82733800 | 4707 |
| 3 | പത്തനംതിട്ട | 45500000 | 43614300 | 2867 | 46877000 | 1636 |
| 4 | ആലപ്പുഴ | 78489101 | 78489101 | 4697 | 52196200 | 3247 |
| 5 | കോട്ടയം | 25200000 | 22182500 | 1234 | 11875000 | 665 |
| 6 | ഇടുക്കി | 28952000 | 28947948 | 1493 | 24316000 | 1382 |
| 7 | എറണാകുളം | 150000000 | 145961391 | 5853 | 60635500 | 3281 |
| 8 | തൃശ്ശൂർ | 127500000 | 127500000 | 12201 | 114033799 | 6842 |
| 9 | പാലക്കാട് | 108544108 | 102856600 | 6548 | 108643300 | 6262 |
| 10 | മലപ്പുറം | 151150000 | 151150000 | 8028 | 66774455 | 3201 |
| 11 | കോഴിക്കോട് | 50221832 | 50221832 | 3012 | 24659000 | 1558 |
| 12 | വയനാട് | 4520040 | 4133040 | 403 | 2903500 | 179 |
| 13 | കണ്ണൂർ | 24300000 | 24300000 | 1030 | 14906000 | 855 |
| 14 | കാസർഗോഡ് | 36348400 | 36348400 | 2606 | 19114350 | 1331 |

സെക്ഷൻ ഓഫീസർ